പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 32
11/12/2012 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.ബി. അബ്ദുൾ റസാക്ക്<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. എൻ.എ. ഖാദർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സംസ്ഥാന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കാൻ തീരുമാനിക്കേണ്ടി വന്ന സാഹചര്യം വിശദമാക്കുമോ ; | സമൂഹത്തിലെ ഓരോ തലമുറയും ഉപയോഗിക്കുന്ന സേവനങ്ങൾക്കുള്ള പ്രതിഫലം അടുത്ത തലമുറയുടെ ബാധ്യതയാക്കി മാറ്റാൻ പാടില്ല എന്ന പൊതു തത്വമാണ് പങ്കാളിത്ത പെൻഷന്റെ അടിസ്ഥാന പ്രമാണം. പെൻഷനും അനുബന്ധ ആവശ്യങ്ങൾക്കുമായുള്ള ചെലവുകൾ 2001-02 വർഷത്തെ അപേക്ഷിച്ച് 2012-13 വർഷത്തിൽ നാലിരട്ടിയിലധികം വർദ്ധിച്ച സാഹചര്യത്തിലും ഈ നിലയിൽ മുന്നോട്ട് പോയാൽ സംസ്ഥാന സർക്കാരിന് പെൻഷൻ ബാധ്യത നിറവേറ്റാൻ കഴിയാതെ വരാൻ സാധ്യതയുള്ള സാഹചര്യത്തിലും കേന്ദ്ര ഗവൺമെന്റും രണ്ട് സംസ്ഥാനങ്ങൾ ഒഴികെയുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പങ്കാളിത്ത പെൻഷൻ 01.01.2004 മുതൽ നടപ്പിലാക്കി കഴിഞ്ഞ സാഹചര്യത്തിലുമാണ് 01.04.13 മുതൽ നിയമിക്കപ്പെടുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചത്. |
| (ബി) | ഇത് മൂലം സാമ്പത്തിക സ്ഥിതിയിൽ ഗുണപരമായ എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ ; | 10% സർക്കാർ വിഹിതം അടയ്ക്കണമെന്നുള്ളതിനാൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ ഇത് സർക്കാരിന് സാമ്പത്തിക ബാധ്യതയാണ്. എന്നാൽ ദീർഘകാല അടിസ്ഥാനത്തിൽ, ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഈ പദ്ധതി വഴി സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി തകർന്നു പോകാതെ പരിരക്ഷിക്കുവാനും, ദേശീയ മുഖ്യധാരയിൽ ചേർന്നു നീങ്ങാനും കഴിയുന്നതാണ്. |

| | | |
|---|---|---|
| (സി) | ഈ തീരുമാനം ജീവനക്കാരിലും തൊഴിൽ രഹിതരിലും ഉണ്ടാക്കിയിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വെളിപ്പെടുത്തുമോ? | മുഖ്യമന്ത്രി ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് ആശങ്കകൾ ദൂരീകരിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച് ആശങ്കകൾക്ക് അടിസ്ഥാനമില്ല. |

Vijayan M.S

സെക്ഷൻ ഓഫീസർ